# വ്യവസായ കേരളം

74

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 DECEMBER 2024




ക്രിസ്തുമസ് ആശംസകൾ

# കേരളത്തിന്റെ മുഖമാകാൻ ഇൻവെസ്റ്റ് കേരള ഒരുങ്ങുന്നു

## ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്കു മുന്നോടിയായി റൗണ്ട് ടേബിൾ കോൺഫറൻസ്

2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്കു മുന്നോടിയായുള്ള റൗണ്ട് ടേബിൾ കോൺഫറൻസ് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ന്യൂ ഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള അംബാസിഡർമാർ, നയതന്ത്ര പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

വ്യവസായം, സാങ്കേതികവിദ്യ, സുസ്ഥിരവളർച്ച എന്നിവയുടെ പ്രധാനകേന്ദ്രമായി കേരളം മാറുകയാണ് എന്നു ബഹു. മുഖ്യമന്ത്രി പറഞ്ഞു. ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ കേരളം മികച്ച പ്രകടനം കാഴ്ചവെച്ചതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം സാക്ഷ്യപ്പെടുത്തി. വ്യവസായപ്രമുഖർക്കും സംരംഭകർക്കുമിടയിൽ കേരളം നേടുന്ന വിശ്വാസത്തെയും അംഗീകാരത്തെയും ഇത് സാക്ഷ്യപ്പെടുത്തുന്നതായും അദ്ദേഹം പറഞ്ഞു.

ന്യൂഡൽഹിയിൽ 2024 ഡിസംബർ 6 ന് നടന്ന ചടങ്ങിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷത വഹിച്ചു. നീതി ആയോഗ് മുൻ സി.ഇ.ഒ. ശ്രീ. അമിതാഭ് കാന്ത്, സംസ്ഥാന സർക്കാരിന്റെ ന്യൂഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ.വി. തോമസ്, ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ. എ. എസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി. എം.ഡി. എസ്. ഹരികിഷോർ ഐ.എ.എസ്, ചെയർമാൻ ശ്രീ. സി. ബാലഗോപാൽ, കേരള ഹൗസ് റെസിഡന്റ് കമ്മിഷണർ ശ്രീ. അജിത്കുമാർ ഐ.എ.എസ്, അഡീഷണൽ റെസിഡന്റ് കമ്മിഷണർ ശ്രീ. ചേതൻകുമാർ മീണ ഐ.എ.എസ്, കിൻഫ്ര എം.ഡി. ശ്രീ. സന്തോഷ് കോശി തോമസ്, കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടിവ് ഡയറക്ടർ ശ്രീ. ആർ. ഹരികൃഷ്ണൻ, കെബിപ്പ് സി.ഇ.ഒ. ശ്രീ. സൂരജ് എസ്. തുടങ്ങിയവർ പങ്കെടുത്തു.



## നിക്ഷേപക പങ്കാളിത്തമുറപ്പാക്കി മുംബൈ റോഡ് ഷോ

മുംബൈ റോഡ് ഷോയും മികച്ച പങ്കാളിത്തത്തോടെ സമാപിച്ചു. 2025 ഫെബ്രുവരിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്ക് മുന്നോടിയായാണ് ചെന്നൈ, ബംഗളൂരു ഇന്റസ്ട്രിയൽ റോഡ്ഷോകൾക്ക് ശേഷം മുംബൈയിലും റോഡ് ഷോ സംഘടിപ്പിച്ചത്. ഇതിന് പുറമെ പ്രത്യേക സെഷനിലായി വിവിധ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളുമായും മുംബൈയിൽ കൂടി കാഴ്ച നടത്തി.




വ്യവസായങ്ങൾ തുടങ്ങുന്ന കാര്യത്തിൽ കേരളത്തെക്കുറിച്ചുള്ള എല്ലാ കുപ്രചരണങ്ങളും തകർക്കപ്പെട്ട ഘട്ടത്തിലാണ് നാം ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുന്നത്. രാജ്യത്തിൻറെ തന്നെ തിലകക്കുറിയായ കൊച്ചിൻ ഷിപ് യാർഡ്, ബിപിസിഎൽ പോലുള്ള കമ്പനികൾ കേരളത്തിലാണ് സ്ഥിതി ചെയ്യുന്നത്. 2024 ഡിസംബർ 5 ന് മുംബൈ റോഡ് ഷോ ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു.

## സംരംഭകവർഷം 3.0
### തദ്ദേശതലത്തിൽ സംരംഭക സഭകൾക്ക് തുടക്കമിട്ട് സംസ്ഥാന വ്യവസായ വകുപ്പ്

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭകരുടെ ഏകോപനം ലക്ഷ്യമിട്ട് സംരംഭകസഭകൾ ആരംഭിച്ച് വ്യവസായ വകുപ്പ്. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംരംഭക സഭകൾ സംഘടിപ്പിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം ബി രാജേഷ് 2024 ഡിസംബർ 11 ന് നിർവഹിച്ചു. കാട്ടാക്കട ആർ.കെ. എൻ ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷത വഹിച്ചു.

2024 - 25 സാമ്പത്തിക വർഷത്തിലേക്ക് കടന്ന സംരംഭക വർഷം 3.0 പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് സംരംഭക സഭകൾ എന്ന ആശയം നടപ്പാക്കുന്നത്. തദ്ദേശതലത്തിലുള്ള സംരംഭകരുടെ പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം നിർദേശിക്കാനും സംരംഭകത്വ പ്രോത്സാഹനപദ്ധതികളും സേവനങ്ങളും പരിചയപ്പെടുത്താനും സംരംഭകസഭ ഉപയോഗിക്കും.



2024 ഡിസംബർ 10 വരെയായി സംരംഭക വർഷം പദ്ധതിയിലൂടെ മാത്രം കേരളത്തിൽ 3,35,780 സംരംഭങ്ങൾ ആരംഭിക്കുകയും 21,450 കോടി രൂപയുടെ നിക്ഷേപങ്ങൾ കടന്നുവരികയും 7,11,870 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ എം.എസ്.എം.ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസ് അവാർഡും സംരംഭകവർഷം പദ്ധതി നേടിയിട്ടുണ്ട്. ലോകത്തിലെ തന്നെ ഏറ്റവും വലിയ പബ്ലിക് അഡ്മിനിസ്ട്രേഷൻ വേദിയായ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ 'ഇന്നവേഷൻ ഇൻ പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ' പുരസ്കാരവും സംരംഭകവർഷത്തിന് ലഭിച്ചിരുന്നു.

## നിക്ഷേപകർക്ക് ആത്മവിശ്വാസം പകർന്ന് ന്യൂഡൽഹിയിൽ റോഡ് ഷോ



കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രതിഫലിപ്പിക്കുന്ന സംരംഭകരിൽനിന്നുള്ള മികച്ച അഭിപ്രായമാണ് കേരളത്തെ ദേശീയ റാങ്കിങ്ങിൽ ഒന്നാമതെത്തിച്ചതെന്നും ഇത് ആഗോള നിക്ഷേപ ഉച്ചകോടി സംഘടിപ്പിക്കുന്നതിന് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് ആത്മവിശ്വാസം വർധിപ്പിച്ചതായും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്. 2025 ഫെബ്രുവരിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്ക് മുന്നോടിയായി 2024 ഡിസംബർ 6ന് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച റോഡ് ഷോ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.











## മുളയിൽ കരകൗശല വിസ്മയമൊരുക്കി

# ബാംബൂ ഫെസ്റ്റ്

കേരള വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ച 21-ാമത് കേരള ബാംബൂ ഫെസ്റ്റ് അക്ഷരാർത്ഥത്തിൽ കരകൗശല വിസ്മയമൊരുക്കിയാണ് അരങ്ങൊഴിഞ്ഞത്. കൊച്ചി മറൈൻ ഡ്രൈവിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്ത മേളയിൽ വൻ ജനപങ്കാളിത്തമാണ് ഉണ്ടായിരുന്നത്. 5000 മുതൽ 10000 ത്തിനു മുകളിൽ ആളുകൾ ദിനംപ്രതി 2024 ഡിസംബർ 7 മുതൽ 12 വരെ ആറു ദിവസമായി സംഘടിപ്പിച്ച മേളയിൽ സന്ദർശകരായി എത്തിയിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്.

180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും 300ഉം, ഇതര സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, നാഗാലാൻഡ്, ആസാം, ത്രിപുര, ഛത്തീസ്ഗഡ്, തെലങ്കാന, തമിഴ്നാട്, മണിപ്പൂർ, മഹാരാഷ്ട്ര, മേഘാലയ എന്നിവിടങ്ങളിൽ നിന്നും 50 ഓളം മുള കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളുമാണ് ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തത്. ഭൂട്ടാനിൽ നിന്നുള്ളവരുടെ പങ്കാളിത്തം അന്താരാഷ്ട്ര തലത്തിലേയ്ക്ക് മേളയുടെ യശസ്സ് ഉയർത്തുന്നതിന് കാരണമായി.

സംസ്ഥാന ബാംബൂമിഷൻ സംഘടിപ്പിച്ച ഡിസൈൻ വർക്ഷോപ്പിലും പരിശീലന പരിപാടികളിലും രൂപകൽപന ചെയ്ത വിവിധ ഉൽപന്നങ്ങൾ മേളയിലെ ബാംബൂ ഗാലറിയിൽ പ്രദർശിപ്പിച്ചു കൊണ്ടാണ് സന്ദർശകരെ ഫെസ്റ്റിലേക്ക് വരവേറ്റത്. മുള കൊണ്ട് നിർമിച്ച അടുക്കള ഉപകരണങ്ങൾ, അലങ്കാര വസ്തുക്കൾ, പെയിന്റിങ്, വുഡൻ ക്രാഫ്റ്റ്, ആഭരണങ്ങൾ എന്നിവ മേളയെ ആകർഷണീയമാക്കി. ക്രിസ്തുമസ് അടുത്തതിനാൽ അതിനോടനുബന്ധിച്ച അലങ്കാര വസ്തുക്കൾക്കും മുളകൊണ്ടുള്ള പുഷ്പങ്ങൾക്കും ആവശ്യക്കാർ ഏറെയായിരുന്നു. വിദേശത്തു നിന്നെത്തിയവരും ഇത്തവണത്തെ മേളയിൽ നിന്ന് ബൾക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്. വയനാട്ടിൽ നിന്ന് മാത്രം 50ലധികം ആളുകളാണ് മേളയുടെ ഭാഗമായത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള മുള ഉൽപന്നങ്ങളും വൻ തോതിൽ വിറ്റഴിക്കാനായി.

2024 ഡിസംബർ 7 ന് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ സജ്ജീകരിച്ച ഉദ്ഘാടനചടങ്ങിൽ ബഹു. എറണാകുളം എംഎൽഎ ശ്രീ. ടി. ജെ വിനോദ് അധ്യക്ഷനായി. ബഹു. എം.പി ശ്രീ. ഹൈബി ഈഡൻ മുഖ്യപ്രഭാഷണം നടത്തി. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. , എറണാകുളം കലക്ടർ ശ്രീ. എൻ എസ് കെ ഉമേഷ് ഐ.എ.എസ്., ഐ.ഐ.എം. ഇൻഡോർ ഡയറക്ടർ ശ്രീ. ഹിമാൻഷു റായ്, വ്യവസായ വാണിജ്യ അഡിഷണൽ ഡയറക്ടർമാരായ ശ്രീ. രാജീവ് ജി., ഡോ. കെ. എസ്. കൃപകുമാർ, സംസ്ഥാന ബാംബൂ കോർപറേഷൻ ചെയർമാൻ ശ്രീ. ടി കെ മോഹനൻ, കെബിപ്പ് സി.ഇ.ഒ. ശ്രീ. സൂരജ് എസ്., കേരള വനഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. കണ്ണൻ സി എസ് വാര്യർ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ ശ്രീ. മനു ജേക്കബ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി. എ. നജീബ് എന്നിവർ പങ്കെടുത്തു.

# സംരംഭക വർഷം പദ്ധതിക്ക് അമേരിക്കൻ പബ്ലിക് അഡ്മിനിസ്ട്രേഷന് സൊസൈറ്റിയുടെ അന്താരാഷ്ട്ര അംഗീകാരം

### പദ്ധതി സംരംഭക സമൂഹത്തിൽ വൻ ചലനം സൃഷ്ടിച്ചതായി ഐ.ഐ.എം പഠന റിപ്പോർട്ട്

സംസ്ഥാന വ്യവസായവകുപ്പിൻറെ സംരംഭക വർഷം പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം. പബ്ളിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, 'ഇന്നവേഷൻ ഇൻ പബ്ളിക് അഡ്മിനിസ്ട്രേഷൻ എന്ന അംഗീകാരമാണ് സംരംഭക വർഷം പദ്ധതിക്ക് നൽകിയത്.



സൊസൈറ്റിയുടെ 87 വർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി അംഗീകരിക്കപ്പെടുന്നത്. 2025 മാർച്ച് 28 മുതൽ ഏപ്രിൽ 1 വരെ വാഷിംഗ്ടണിൽ നടക്കുന്ന സൊസൈറ്റിയുടെ വാർഷിക സമ്മേളനത്തിൽ പദ്ധതിയെക്കുറിച്ച് അവതരണം നടത്തുന്നതിന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവിനെ സൊസൈറ്റി ക്ഷണിച്ചിട്ടുണ്ട്. 2024 ഡിസംബർ 7ന് കൊച്ചിയിലെ റിനൈ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി. എം. മുഹമ്മദ് ഹനീഷ് അധ്യക്ഷനായി.

സംരംഭക വർഷം പദ്ധതിയെക്കുറിച്ച് ഇൻഡോർ ഐ.ഐ.എം നടത്തിയ പഠന റിപ്പോർട്ട് സർക്കാരിനു കൈമാറുന്നതിനായി കൊച്ചിയിൽ നടന്ന ചടങ്ങിൽ ഐഐഎം ഇൻഡോർ ഡയറക്ടർ ശ്രീ. ഹിമാൻഷു റോയി ആണ് ഇക്കാര്യം അറിയിച്ചത്. സംരംഭക വർഷത്തിൻറെ ഭാഗമായി കഴിഞ്ഞ മൂന്നു വർഷം കൊണ്ട് മൂന്നു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും അത് വഴി ഏഴ് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി. ഇതേ വിഷയത്തിൽ തിരുവനന്തപുരത്തെ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറ് നടത്തിയ പഠന റിപ്പോർട്ടും സർക്കാരിന് കൈമാറി.

സർക്കാരിൻറെ ധനനയത്തിൽ 91 ശതമാനം സംരംഭകർ സംതൃപ്തി രേഖപ്പെടുത്തി. സബ്സിഡി, വായ്പയ്ക്കുള്ള സഹായം, പരിശീലനം, വിപണനം എന്നിവയ്ക്കുള്ള പിന്തുണ, പാരിസ്ഥിതിക - ആരോഗ്യ മാനദണ്ഡങ്ങളിലെ ശക്തമായ പ്രതിബദ്ധത എന്നിവയിൽ 92 ശതമാനം സംരംഭകരും തൃപ്തരാണെന്ന് റിപ്പോർട്ട് വ്യക്തമാക്കി.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ നിക്ഷേപം കൊണ്ടു വരുന്നതിനും ഈ റിപ്പോർട്ട് സർക്കാരിനെ സഹായിക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് പറഞ്ഞു. സർക്കാരിന് പുറത്തുള്ള സ്വതന്ത്ര ഏജൻസികൾ വഴിയുള്ള പഠന റിപ്പോർട്ടുകൾ വലിയ അവസരമാണ് നൽകുന്നത്. കുറവുകൾ കണ്ടെത്താനും അത് സമയബന്ധിതമായി പരിഹരിക്കാനും ഇത്തരം പഠനങ്ങൾ സഹായിക്കും. ഈ റിപ്പോർട്ടിലുള്ള ശുപാർശകളും നിർദ്ദേശങ്ങളും സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.